(ഇ) വിദഗ്ധ, അവിദഗ്ധ തൊഴിലാളികളെ വിദേശത്തേക്ക് അയയ്ക്കുന്നതിനായി ഒഡെപെക്ക് ഈയിടെ ഏതെങ്കിലും വിദേശരാജ്യവുമായി ധാരണയിലായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വിവിധ വിദേശരാജ്യങ്ങളിലെ ഇൻഡ്യൻ അംബാസിഡർമാരുമായി ബന്ധപ്പെട്ട് അവിടങ്ങളിലെ തൊഴിൽസാദ്ധ്യത കണക്കാക്കി കൂടുതൽ വിദഗ്ധ അവിദഗ്ധ തൊഴിലാളികളെ വിദേശത്തേക്ക് അയയ്ക്കുവാനുള്ള പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്ന കാര്യം ആലോചിച്ചുവരുന്നു.

(ഡി) താഴെ പറയുന്ന രാജ്യങ്ങളിലേക്ക് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ഉദ്യോഗാർത്ഥികളെ റിക്രൂട്ട്മെന്റ് നടത്തി അയച്ചിട്ടുണ്ട്:-

സൗദി അറേബ്യ	-	216
സിംഗപ്പൂർ	-	79
ഖത്തർ	-	19
ബ്രൂണൈ	-	12
മലേഷ്യ	-	12
കുവൈറ്റ്	-	5
ബഹറിൻ	-	6

(ഇ) ഉണ്ട്. ആഫ്രിക്കൻ രാജ്യങ്ങളിലേക്ക് എത്രത്തോളം വിദഗ്ധ അവിദഗ്ധ തൊഴിലാളികൾ വേണമെന്ന് എംബസികളിലൂടെ വിലയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഇത്തരം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

63 (3527) കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും പിരിഞ്ഞുപോയ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നുണ്ടോ; എങ്കിൽ എന്നു മുതലാണ് പെൻഷൻ പദ്ധതി നടപ്പിലാക്കിയത്; ഇതുവരെ എത്രപേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്; ഇതിനുവേണ്ടി എത്ര സംഖ്യ ചെലവഴിച്ചു;

(ബി) കള്ള് വ്യവസായത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പെൻഷൻ പദ്ധതിയിലേക്ക് സർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര സംഖ്യ; അതിന്റെ വിശദാംശങ്ങൾ എന്താണ്;

(സി) 1998-99 വർഷത്തെ ബഡ്ജറ്റിൽ ചെത്തുതൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് സർക്കാർ കൂടുതൽ സംഖ്യ നൽകുമെന്ന് പ്രഖ്യാപി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ടോ; ഇതനുസരിച്ച് സർക്കാർ വിഹിതം 10% ആയി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള സംഖ്യ സർക്കാർ നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും തടസ്സം ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

1.1.97 മുതൽ.

15.7.99 വരെ 9,322 പേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി 2,40,44,910/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

1996-97 വർഷത്തേക്കുവേണ്ടി 12.30 ലക്ഷം രൂപ. (1/97 - 3/97)

1997-98 വർഷത്തേക്കുവേണ്ടി 54 ലക്ഷം രൂപ.

1998-99 വർഷത്തേക്കുവേണ്ടി 53.03 ലക്ഷം രൂപ.

(സി) 1998-99-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കള്ളു വ്യവസായ തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിക്കുന്നതിനായി ക്ഷേമനിധിയിലേയ്ക്കുള്ള ഗവൺമെന്റ് വിഹിതം 7.5%-ൽ നിന്ന് 10% ആക്കി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

7.7.99-ലെ സർക്കാർ ഉത്തരവ്പ്രകാരം സർക്കാർ വിഹിതം 10%മായി ഉയർത്തിയിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിലുള്ള തുക കണക്കാക്കി 1999-2000-ത്തിലെ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

64 (3528) സ്വകാര്യ പ്രസ്സ്തൊഴിലാളികൾക്ക് ക്ഷേമനിധി

ശ്രീ. എളമരം കരീം :
ശ്രീമതി എൻ.കെ. രാധ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ പ്രസ്സ്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ സ്വകാര്യ പ്രസ്സ്തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇപ്പോൾ ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി ഇതിനകം സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ സ്വകാര്യ പ്രസ്സ്തൊഴിലാളികൾക്ക് ലഭ്യമാക്കാൻ ഉദ്ദേശമുണ്ടോ;

(ഇ) എങ്കിൽ സംസ്ഥാനത്തെ സ്വകാര്യ പ്രസ്സ് തൊഴിലാളികൾക്ക് പ്രത്യേക ക്ഷേമനിധി പദ്ധതി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly